Draft #30 of File 3086/AD AI 2/2018/AD A 1 Approved by DEPUTY REGISTRAR I (ADMIN) on 20-Oct-2020 04:01 PM - Page 1

150 YEARS OF CELEBRATING THE MAHATMA

# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**<u>സംഗ്രഹം</u>**

ജീവനക്കാര്യം - അസിസ്റ്റൻറ് രജിസ്ട്രാർ - സ്ഥലംമാറ്റം - വേക്കൻസി മാസ്റ്റർ യൂസർ നിയമനം - അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 4832/AD A1/2020/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 20.10.2020

---

*പരാമർശം:*-1. രജിസ്ട്രാറുടെ 19.10.2020 തീയതിയിലെ കുറിപ്പ് നം. Admn.A1/Misc.2020, വൈസ് ചാൻസിലറുടെ ഉത്തരവ് സഹിതം.
2. സർവ്വകലാശാലാ ഉത്തരവ് നം. 3199/AD A1/2020/എം.ജി.യു. തീയതി 15.07.2020.
3. സർക്കുലർ നമ്പർ Ad.AI-3-246/2016 തീയതി 31.05.2016 .

**<u>ഉത്തരവ്</u>**

ശ്രീ. ചാവറ എ.എസ്., അസിസ്റ്റൻറ് രജിസ്ട്രാർ 1 (ഭരണവിഭാഗം) 2020 ഒക്ടോബർ 21 മുതൽ പെൻഷൻ പ്രാരംഭാവധിക്ക് അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ടിയാൻ 30.11.2020-ൽ സർവ്വകലാശാലാ സർവ്വീസിൽ നിന്നും വിരമിക്കുകയാണ്.

പരാമർശം (2) പ്രകാരം ശ്രീ. ചാവറ എ.എസ്., അസിസ്റ്റൻറ് രജിസ്ട്രാർ 1 (ഭരണവിഭാഗം)-നെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഇ-വേക്കൻസി സോഫ്റ്റ് വെയർ മുഖേന ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനായി വേക്കൻസി മാസ്റ്റർ യൂസർ ആയി നിയമിച്ചിരുന്നു. എന്നാൽ പെൻഷൻ പ്രാരംഭാവധിയിൽ പ്രവേശിക്കുന്നതിനാൽ വേക്കൻസി മാസ്റ്റർ യൂസർ-ൻറെ ചുമതലയിൽ നിന്നും ടിയാനെ ഒഴിവാക്കണമെന്ന് അപേക്ഷിച്ചിട്ടുണ്ട്.

ആയതിൻറെ അടിസ്ഥാനത്തിൽ, ചുവടെ ചേർത്തിരിക്കുന്ന സ്ഥലംമാറ്റം, വേക്കൻസി മാസ്റ്റർ യൂസർ സംബന്ധിച്ച ക്രമീകരണം എന്നിവ സർവ്വകലാശാലയിൽ നടപ്പാക്കിക്കൊണ്ട് പരാമർശം (1) പ്രകാരം വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു.

1. ശ്രീ. രമേഷ് ആർ, അസിസ്റ്റൻറ് രജിസ്ട്രാർ 3 (പരീക്ഷാവിഭാഗം)-നെ അസിസ്റ്റൻറ് രജിസ്ട്രാർ 1 (ഭരണവിഭാഗം) ആയി, 21.10.2020 പൂർവ്വാഹ്നം പ്രാബല്യത്തിൽ സ്ഥലംമാറ്റി നിയമിച്ചിരിക്കുന്നു.
2. കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ ഇ-വേക്കൻസി സോഫ്റ്റ് വെയർ മുഖേന ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനായി വേക്കൻസി മാസ്റ്റർ യൂസർ ആയി ശ്രീ. രമേഷ് ആർ, അസിസ്റ്റൻറ് രജിസ്ട്രാർ 1 (ഭരണവിഭാഗം)-നെ 21.10.2020 പൂർവ്വാഹ്നം മുതൽ നിയമിച്ചിരിക്കുന്നു.

സ്ഥലം മാറ്റപ്പെട്ട / അവധിയിൽ പ്രവേശിച്ച ഉദ്യോഗസ്ഥൻ തൻറെ കൈവശം ഉള്ള മുഴുവൻ ഫയലുകളുടെയും മറ്റ് അനുബന്ധ രേഖകളുടെയും വിശദാംശങ്ങൾ ബന്ധപ്പെട്ട മേലുദ്യോഗസ്ഥനെ ഏൽപ്പിക്കേണ്ടതാണ്. ആയത് മേലുദ്യോഗസ്ഥൻ സൂചന (3) പ്രകാരം പരിശോധിച്ച് അംഗീകരിക്കേണ്ടതാണ്. CTC-യോടൊപ്പം മേൽപ്പടി സർക്കുലറിൽ പരാമർശിച്ചിരിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ബാബുരാജ് എ വാര്യർ

ഡപ്യൂട്ടി രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾ
2. വൈസ് ചാൻസിലർ/പ്രോ-വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
4. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം)
5. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/അക്കാദമികം/പരീക്ഷ/ധനകാര്യം)
6. ജോയിൻറ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെൻറ്, എം.ജി. സർവ്വകലാശാല
7. പബ്ലിക് റിലേഷൻസ് ഓഫീസർ/പൂൾ ഓഫീസർ (ഭരണവിഭാഗം)
8. ഓഡിറ്റ് II/III/എഡി.എ III/എഡി.എ VI/VIII/എഡി.സി I/II/III/ എഡി.ബി.IX/FCC
9. കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ഐ.ക്യൂഎ.സി./CITAD
10. റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി/ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #30 of File 3086/AD AI 2/2018/AD A 1 Approved by DEPUTY REGISTRAR I (ADMIN) on 20-Oct-2020 04:01 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം